# കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിൽ 26500 - 60700 രൂപ ശമ്പള സ്കെയിലിൽ തസ്തികമാറ്റ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഉത്തരവ് നമ്പർ:C2/22069/2020/DCEതിരുവനന്തപുരം തീയതി:12.09.2023

*പരാമർശം:*-1. 03.01.2014 ലെ സ.ഉ (പി ) നം .01/ 2014/ ഉ ഭ പ വ

2. 28.05.2015 ലെ സ. ഉ. (പി ) നം 16/ 2015/ ഉ ഭ പ വ

3. 06/ 07/ 2019 ലെ സി 1/ 3705/ 2014/ കോ വി വാ നം മുൻഗണനാ പട്ടിക

4.21.07 .2023 തീയതിലെ C2/22069/2020/DCE നമ്പർ ഉത്തരവ്

5.11.09.2023 തീയതിലെ C2/22069/2020/DCE നമ്പർ ഉത്തരവ്

## ഉത്തരവ്

പരാമർശം 1 പ്രകാരം ക്ലാർക്ക് തസ്തികയിലുണ്ടാകുന്ന ഒഴിവുകളുടെ 10% അതാത് വകുപ്പിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും പ്രവേശന തസ്തികയിലെ സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു . ആയതിലേക്കായി 2023 വർഷത്തിൽ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ഉണ്ടായ ഒഴിവുകളുടെ 10% കണക്കാക്കി ഒഴിവുകൾ മാറ്റി വയ്ക്കുകയും ടി ഒഴിവിലേക്ക് തസ്തികമാറ്റം അനുവദിച്ചുകൊണ്ട് പരാമർശ 4 പ്രകാരം ഉത്തരവും നൽകിയിരുന്നു.

ടി തസ്തിക മാറ്റ ഉത്തരവിൽ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ പരാമർശം 3 പ്രകാരം പ്രസിദ്ധീകരിച്ച മുൻഗണനാപട്ടികയിലെ ക്രമനമ്പർ 37 ആയ ശ്രീ ഹരികുമാരൻ നായർ റ്റി യ്ക്ക് പ്രൊമോഷൻ നൽകി നിയമിച്ചിരുന്നു. എന്നാൽ ടിയാൻ മേൽ തസ്തികമാറ്റം നിരസിച്ചുകൊണ്ടു അപേക്ഷ നൽകുകയും ടി അപേക്ഷ സ്വീകരിച്ച പരാമർശ 5 പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ആകയാൽ ടിയാന് തസ്തികമാറ്റം നൽകിയ ഒഴിവ് നിലനിക്കുന്നുണ്ട്.

മേൽ സൂചിപ്പിച്ച ഒഴിവിലേക്ക്യ്ക്ക് ചുവടെ പേര് ചേർത്തിട്ടുള്ള ലാസ്റ്റ്ഗ്രേഡ് ജീവനക്കാരനെ പരാമർശം 3 പ്രകാരം പ്രസിദ്ധീകരിച്ച മുൻഗണനാപട്ടികയിലെ ക്രമമനുസരിച്ച് ക്ലാർക്ക് തസ്തികയിലേക്ക് 26500 - 60700 രൂപ ശമ്പള സ്കെയിലിൽ ബൈ ട്രാൻസ്ഫർ നിയമനം നൽകി ഉത്തരവാകുന്നു

| ക്രമ നമ്പർ | പേര്, നിലവിലെ തസ്തിക , നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | മുൻഗണന ക്രമ നമ്പർ | ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ.മാധവൻ മാട്ടുമ്മൽ<br>ലൈബ്രറി അസിസ്റ്റന്റ്<br>ഗവണ്മെന്റ് കോളേജ്<br>കാസർഗോഡ് | 45<br>(മുൻഗണന ക്രമം 42 വരെ പ്രൊമോഷൻ നൽകിയിരുന്നു.<br>43 -വിരമിച്ചു, 44 -പ്രൊമോഷൻ നിരസിച്ചു ) | ഗവണ്മെന്റ് ലോ കോളേജ് തിരുവനന്തപുരം<br>(ശ്രീ ഹരികുമാരൻ നായർ റ്റി തസ്തികമാറ്റ നിയമനം നിരസിച്ച ഒഴിവ് ) |

മേൽ പരാമർശിച്ച പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ 14 ദിവസത്തിനകം നിലവിൽ ജോലിചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ വാങ്ങി ക്ലാർക്ക് തസ്തികയിൽ നിയമിച്ചിരിക്കുന്ന കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ് . ടി ജീവനക്കാരന്റെ വിടുതൽ ചെയ്യുന്ന വിവരം യഥാസമയം ബന്ധപ്പെട്ട മേധാവികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Approval Valid

Digitally Approved By
അസീം എ
Date: 12.09.2023
Reason: Approved

Sd/-
അസീം എ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471-2303548
dir.colledn@kerala.gov.in

പകർപ്പ്,

1. പ്രിൻസിപ്പാൾ, ഗവണ്മെന്റ് ലോ കോളേജ്, തിരുവനന്തപുരം
2 .പ്രിൻസിപ്പാൾ ,ഗവണ്മെന്റ് കോളേജ് കാസർഗോഡ്
3 .സി 4 സീറ്റ്
4 .നടപ്പ് ഫയൽ / കരുതൽ ഫയൽ